5585
348/13

**കേരള സർക്കാർ**
**സംഗ്രഹം**

റവന്യൂ വകുപ്പ് - **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**- ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്- – മുൻഗണനാ നിർദ്ദേശങ്ങൾ നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**റവന്യൂ(എ) വകുപ്പ്**

സ.ഉ. (കൈ.) നം. 345/ 2013 / റവന്യൂ　　　　തീയതി, തിരുവനന്തപുരം, 21.08.2013

==========================================================

പരാമർശം : (1) 12.07.2013 – ലെ 20581/എ 2/റവന്യൂ നമ്പർ സർക്കാർ കത്ത്.
(2) ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസറുടെ 12-07-2013 ലെ എൽ ആർ (ജെ) 10-15420/2013 നമ്പർ കത്ത്.

**ഉത്തരവ്**

**"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015"**- ലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ മേൽ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു.

(2) പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണത്തിൽ, ജോലി ചെയ്ത് നിത്യവൃത്തിക്ക് പോലും പണം കണ്ടെത്തുവാൻ കഴിയാത്ത അഗതികളായ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകണമെന്നും, തീരദേശത്തുള്ള വില്ലേജുകളിൽ നിന്ന് ഈ പദ്ധതിക്ക് കണ്ടെത്തിയിട്ടുള്ള പ്ലോട്ടുകൾ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ഗുണഭോക്താക്കളുണ്ടെങ്കിൽ അവർക്കായി നീക്കിവയ്ക്കണമെന്നും മേൽ പരാമർശം (2) പ്രകാരം ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015"**- ലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ജോലി ചെയ്ത് നിത്യവൃത്തിക്ക് പോലും പണം കണ്ടെത്തുവാൻ കഴിയാത്ത അഗതികളായ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015, എന്നിവർ ഇക്കാര്യത്തിൽ സത്വരമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ടി.ജെ മാത്യു**
**സെക്രട്ടറി**

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ , സീറോ ലാന്റ് ലെസ് പ്രോജക്റ്റ്, തിരുവനന്തപുരം.

3. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. ഡയറക്ടർ, സി-ഡിറ്റ്, തിരുവനന്തപുരം.
6. വിവരസാങ്കേതിക വകുപ്പ്.
7. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**പകർപ്പ്:-** റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ